## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 551** **27/02/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുള്ള** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണം ഇപ്പോൾ ഏതു (എ) ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. |
| (ബി) | ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള (ബി) ജില്ലാബാങ്ക് ശാഖകളുടെ 15-20 ശതമാനം അടച്ചുപൂട്ടേണ്ടി വരുമോ; | നിർദ്ദിഷ്ട ബാങ്ക് നിലവിൽ വന്ന ശേഷം മാത്രമേ ശാഖകളുടെ എണ്ണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളു. |
| (സി) | നഷ്ടത്തിലുള്ള സഹകരണ ബാങ്കുമായി (സി) ജില്ലാബാങ്കുകളെ ലയിപ്പിക്കുന്നത് ഓഹരി ഉടമകൾക്കും ഇടപാടുകാർക്കും ഒരുപോലെ നഷ്ടമുണ്ടാക്കും എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | നിർദ്ദിഷ്ട ബാങ്ക് രൂപീകരിക്കുന്നതിന് മുൻപായി ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികളും മൂലധന പര്യാപ്തത (CRAR) ഉയർത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നതിനാൽ ഓഹരി ഉടമകളെയും ഇടപാടുകാരെയും ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**